**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 714** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഉദ്യോഗസ്ഥർക്കെതിരെ നടപടി ശുപാർശ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളിലെ ക്രമക്കേടുകൾ ധനകാര്യപരിശോധനാവിഭാഗം പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി ശുപാർശ ചെയ്ത് സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ കുറ്റക്കാരായി കണ്ടെത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | കൊല്ലം ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യപരിശോധനാവിഭാഗം നൽകിയ റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണത്തിന് വിജിലൻസിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. കൊല്ലം ജില്ലയിലെ പൊതുമരാമത്ത് പ്രവർത്തികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗത്തിന്റെ ശിപാർശകളിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശിപാർശയിൽ പരാമർശിക്കുന്ന ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടി പരിശോധിച്ചു വരുന്നു. ധനകാര്യ പരിശോധനാവിഭാഗം ശിപാർശ ചെയ്തതനുസരിച്ച് വിശദമായ അന്വേഷണത്തിനായി വിജിലൻസ് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | കൊല്ലം ജില്ലയിൽ ധനകാര്യപരിശോധനാവിഭാഗം കണ്ടെത്തിയതിന് സമാന സ്വഭാവമുള്ള ക്രമക്കേടുകൾ തൃശ്ശൂർ റോഡ്സ് ഡിവിഷൻ കാര്യാലയത്തിലും അനുബന്ധ ഓഫീസുകളിലും കണ്ടെത്തിയതിനെ തുടർന്ന് സ്വീകരിച്ച വകുപ്പുതല നടപടികൾ (സ.ഉ. (സാധാ)നം. 425/2020/ പൊ.മ.വ തീയതി 04.05.2020) ഇവിടെ സ്വീകരിക്കുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (സി) | ശുപാർശയുടെ അടിസ്ഥാനത്തിലും ഉദ്യോഗസ്ഥരുടെ വിശദീകരണം പരിശോധിച്ചും കുറ്റത്തിന്റെ ഗൗരവം അനുസരിച്ചും ചട്ടം പ്രകാരമുള്ള നടപടികളാണ് ഓരോ കേസിലും സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ